# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും (അസാധാരണം)

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

## ജില്ലകൾ: കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്

(പ്രാബല്യം: **13.05.2021** മുതൽ **17.05.2021** വരെ)

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ഇ.ഓ.ബി.- 01/2021 | തീയ്യതി: 13/05/2021 |
|---|---|

### എ. അഞ്ച് ദിവസങ്ങളിലേക്കുള്ള മഴ മുന്നറിയിപ്പ്

| ജില്ല | 13-05-2021 | 14-05-2021 | 15-05-2021 | 16-05-2021 | 17-05-2021 |
|---|---|---|---|---|---|
| കാസറഗോഡ് | L - M | L - M | X H | ISOL H - VH | L - M |
| കണ്ണൂർ | L - M | L - M | X H | ISOL H - VH | L - M |
| കോഴിക്കോട് | L - M | ISOL H | X H | ISOL H | L - M |

L=ശക്തികുറഞ്ഞ M= സാമാന്യം ഭേദപ്പെട്ട ISOL=ഒറ്റപ്പെട്ട H=ശക്തമായ VH=വളരെ ശക്തമായ XH= അതിശക്തമായ

### ബി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | ലക്ഷദ്വീപിന് സമീപത്തായി അറബിക്കടലിൽ രൂപം കൊണ്ടിരിക്കുന്ന ന്യൂനമർദ്ദം മെയ് 15-ഓട് കൂടി സാന്ദ്രതയേറുകയും തുടർന്നുള്ള ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ശക്തമായ ചുഴലിക്കാറ്റായി രൂപം പ്രാപിക്കുകയും ചെയ്യും. ക്രമേണ ക്രമേണ കാറ്റു പൂർവാധികം ശക്തിയാർജ്ജിച്ചു വടക്കു പടിഞ്ഞാറ് ഭാഗത്തേക്കു നീങ്ങി മെയ് 18-ഓട് കൂടി ഗുജറാത്തിന്റെയും സമീപത്തുള്ള പാക്കിസ്ഥാന്റെയും തീരങ്ങളിലേക്കു എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു |
| **മുൻ കരുതലുകൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br>കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ ഇടിമിന്നലിനെ ശ്രദ്ധിക്കുക. മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br>വളമിടുക, വിതയ്ക്കുക, നടീൽ തുടങ്ങിയ കാർഷികവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്നത് വരെ കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി